# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 561      29.11.2018 -ൽ മറുപടിക്ക്

## നിക്ഷേപക വ്യവസായ വാണിജ്യ സൗഹൃദ സംസ്ഥാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ദാസൻ<br>" വി. ജോയി<br>ശ്രീമതി യു. പ്രതിഭ<br>ശ്രീ. കെ.വി.വിജയദാസ് | ശ്രീ. ഇ.പി. ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി |

| | | | |
|---|---|---|---|
| എ) | കേരളത്തിന്റെ സാമൂഹ്യ സാമ്പത്തിക പാരിസ്ഥിതിക പ്രത്യേകതകൾ ഉൾക്കൊണ്ടുകൊണ്ട് നിക്ഷേപക വ്യവസായ വാണിജ്യ സൗഹൃദ സംസ്ഥാനമാക്കുന്നതിനുള്ള നയ സമീപനം വിശദമാക്കാമോ; | എ) | സംസ്ഥാനത്ത് സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ അനുമതികളും സൗകര്യങ്ങളും അതിവേഗവും അനായാസമായും ലഭ്യമാക്കുന്നതിനു വേണ്ടി വിവിധ വകുപ്പുകളിലായി നിലനിന്നിരുന്ന ഏഴ് നിയമങ്ങൾ (ആക്ട്) ഭേദഗതി വരുത്തിക്കൊണ്ട് ഒരു ഏകീകൃത ആക്ട് "കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട് 2018" നിലവിൽ വന്നു. കൂടാതെ വിവിധ വകുപ്പുകളിലെ 10 ചട്ടങ്ങൾ ഭേദഗതി വരുത്തിയിട്ടുമുണ്ട്. വ്യവസായം ആരംഭിക്കുന്നതിന് വിവിധ വകുപ്പുകളിൽ നിന്നും അനുമതികൾ ലഭിക്കുന്നതിന് ഏകജാലക ഓൺലൈൻ സംവിധാനം, സെൽഫ് സർട്ടിഫിക്കേഷൻ, Deemed Approval, എന്നിവയും നിലവിൽ വന്നിട്ടുണ്ട്.<br>വിവിധ വകുപ്പുകളുടെ അപേക്ഷാ ഫോറം ഏകീകരിച്ചുകൊണ്ട് ഒരു ഏകീകൃത അപേക്ഷാ ഫോറം (Common Application Form – CAF) മുഖേന അനുമതികൾ കാലതാമസം ഇല്ലാതെ ഓൺലൈൻ സംവിധാനം (K-SWIFT) വഴി ലഭ്യമാക്കുന്നതാണ്. പ്രസ്തുത അപേക്ഷയിന്മേലുള്ള പരിശോധന സമയബന്ധിതമായി നടപ്പാക്കുന്നതിനായി Investment Promotion and Facilitation Cell (IPFC) സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും രൂപീകരിച്ചിട്ടുണ്ട്. അനുമതികൾ ആവശ്യമായ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ ഉൾപ്പെട്ടതാണ് പ്രസ്തുത സെൽ.<br>ഭൂമി ദൗർലഭ്യം നേരിടുന്ന സംസ്ഥാനമാണ് കേരളം. സംസ്ഥാനത്ത് നിക്ഷേപം നടത്തുവാൻ മുന്നോട്ട് വരുന്ന സംരംഭകർക്ക് ആവശ്യമായ സ്ഥലം, |

| | | | |
|---|---|---|---|
| | | | കെട്ടിടം, ജലം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഡി.ഐ.സിയുടേയും, കെ.എസ്.ഐ.ഡി.സി.യുടേയും കിൻഫ്രയുടേയും പാർക്ക് / ഏരിയകളിൽ വേഗത്തിൽ ലഭ്യമാക്കുന്നതാണ്. കൂടാതെ വ്യവസായ യൂണിറ്റുകളെ അധിവസിപ്പിക്കുന്നതിനായി ബഹുനില വ്യവസായ സമുച്ചയങ്ങൾ സ്ഥാപിക്കുന്ന പദ്ധതികൾ ഉണ്ട്. ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിലേക്കായി എല്ലാ ജില്ലകളിലും 'Investor's meet' സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്ക്, സ്കിൽ ഡെവലപ്മെന്റ് തുടങ്ങിയവ നടത്തിവരുന്നുണ്ട്. നിക്ഷേപകരുടെ മേളകളിൽ MSME ഉൽപ്പന്ന വിപണന മേളകൾ മെഷിനറി എക്സിബിഷൻ തുടങ്ങിവയും ബ്ലോക്ക് / താലൂക്ക് / മുനിസിപ്പാലിറ്റി / ജില്ലാ തലങ്ങളിൽ നടത്തി വരുന്നുണ്ട്. |
| ബി) | തൊഴിലവസരങ്ങൾ കൂടുതലായുള്ളതും പ്രാദേശിക വിഭവങ്ങൾ പ്രയോജനപ്പെടുത്താൻ സാധിക്കുന്നതുമായ ലഘു വ്യവസായങ്ങളെയും ഗാർഹിക വ്യവസായങ്ങളെയും പ്രോത്സാഹിപ്പിക്കാൻ പ്രത്യേക പദ്ധതിയുണ്ടോ; വിശദാംശം അറിയിക്കുമോ; | ബി) | പ്രാദേശിക വിഭവങ്ങൾ പ്രയോജനപ്പെടുത്തി തൊഴിലവസരങ്ങൾ സൃഷ്ടിച്ച് ഗ്രാമീണ മേഖലയിൽ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളും ഗാർഹിക സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഗാർഹിക നാനോ സംരംഭങ്ങൾക്കുള്ള പലിശ സബ്സിഡി പദ്ധതി . |
| സി) | ചെറുകിട ഇടത്തരം വ്യവസായങ്ങൾ നേരിടുന്ന മുഖ്യപ്രശ്നമായ വിപണി നേടിയെടുക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള തന്ത്രം വിശദമാക്കാമോ? | സി) | എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെയും ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ എം.എസ്.എം.ഇ. യൂണിറ്റുകളുടെ ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിലേക്കായി എക്സിബിഷനുകൾ സംഘടിപ്പിച്ച് വരുന്നുണ്ട്. സംസ്ഥാനാടിസ്ഥാനത്തിൽ അഗ്രോ ഫെസ്റ്റ്, മെഷിനറി എക്സ്പോ, ബാംബൂ ഫെസ്റ്റ് എന്നിവ സംഘടിപ്പിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**